മാതൃഭൂമി

Mathrubhumi Seed

Student Empowerment for Environmental Development

In partnership with FEDERAL BANK

പ്രസിദ്ധീകരണം

# ആകാശപ്പച്ച

## പച്ചപ്പുകൊണ്ട് മറയണം ആകാശ നീലിമ



മാതൃഭൂമി സീഡ് വിദ്യാർഥികളുടെയും
അധ്യാപകരുടെയും പ്രകൃതിസൗഹൃദ
നിലപാടുകൾക്ക് ഒരു ഡിജിറ്റൽ ഇടം

MATHRUBHUMI SEED
DIGITAL NATURE MAGAZINE

Leaf - 07 April 2022

# ആകാശപ്പച്ച

## CONTENTS


എഡിറ്റോറിയൽ

കാട്ടിലെക്കാര്യം

കേരളം അറിയാൻ

ചിറകുള്ള ചങ്ങാതിമാർ

ഈ ഫോട്ടോ കാണാം

കൃഷിക്കാര്യം

സിനിമാപാട്ടിലെ പ്രകൃതി

ഇത് അതിശയം തന്നെ

തെറ്റ് ശരി

ലോകം എങ്ങനെ

പൂവറിവ്


വർണച്ചിറക്


Cover photo: Shutterstock



## ഒരു തുള്ളി തണുപ്പ്

വേനൽച്ചൂടിൽ ഉരുകുകയാണ് നമ്മൾ. ചെടികളും മരങ്ങളും ജീവജാലങ്ങളുമെല്ലാം വെള്ളമില്ലാതെ വാടിയും തളർന്നും കഷ്ടപ്പെടുന്നു. ആകാശപ്പച്ചയിലെ, വെള്ളത്തുള്ളിപോലെയുള്ള രചനകൾ നമുക്ക് ആശ്വാസവും പ്രതീക്ഷയുമാവുമെന്ന് പ്രത്യാശിക്കാം.





# മരം
# എന്ന സത്യം

വനം വെട്ടിനശിപ്പിക്കാനുള്ളതല്ല, സംരക്ഷിച്ച് നിലനിർത്താനുള്ളതാണ് എന്ന സന്ദേശം നൽകുന്നതായിരുന്നു സാമൂഹിക വനവത്കരണ പരിപാടി. എന്നാൽ ബോധവത്കരണത്തിനപ്പുറം മരങ്ങൾ വെച്ചുപിടിപ്പിക്കുന്നതിൽ കാര്യമായ ചില പാളിച്ചകളുണ്ടായി എന്നാണ് പുതിയ കണ്ടെത്തൽ. അതുകൊണ്ട് സാമൂഹിക വനവത്കരണത്തിന്റെ ഭാഗമായുള്ള സൗജന്യ വൃക്ഷത്തൈവിതരണം അവസാനിപ്പിക്കുകയാണത്രേ! സൗജന്യമായി നൽകിയ വൃക്ഷത്തൈകൾ ശരിയായരീതിയിൽ വെച്ചുപിടിപ്പിക്കാത്തവർ ഇനിയിപ്പോൾ വിലകൊടുത്ത് വാങ്ങി സംരക്ഷിച്ചുവളർത്താൻ തയ്യാറാകുമോ എന്നറിയില്ല. എന്തായാലും മനോഭാവത്തിലോ നടത്തിപ്പിലോ ഒക്കെ വന്നുപെട്ട ഈ പാളിച്ചകൾ വരുംകാല വേനലുകളെ കൂടുതൽ ചൂടുള്ളതാക്കുമെന്നും പ്രളയമഴയുടെ കാഠിന്യം കൂട്ടിയേക്കുമെന്നുമൊക്കെ നമ്മൾ ഭയപ്പെടണം. മരം ഒരു സത്യമാണ്, അത് നടുന്നതും പരിപാലിക്കുന്നതും അങ്ങനെതന്നെയാവണം!

# പോളണ്ടിലെ ക്രൂക്ക് ഫോറസ്റ്റ്



ജർമൻ അതിർത്തിയോട് ചേർന്നുള്ള പോളിഷ് പട്ടണമായ ഗ്രിഫിനോയിൽനിന്ന് അകലെയല്ലാതെയാണ് ഈ വനം സ്ഥിതിചെയ്യുന്നത്. ഒറ്റനോട്ടത്തിൽ തലതിരിഞ്ഞ ചോദ്യചിഹ്നങ്ങൾ പോലെയാണ് ഇവിടെയുള്ള പൈൻമരങ്ങളുടെ രൂപം. ഒന്നോ രണ്ടോ മരങ്ങളല്ല, എല്ലാ മരങ്ങളും ഇങ്ങനെ അടിഭാഗം വളഞ്ഞ് ഒരു പ്രത്യേക രീതിയിലാണ് വളർന്നിരിക്കുന്നത്. ഏകദേശം നൂറ് പൈൻമരങ്ങൾ ഈ കാട്ടിലുണ്ട്. എല്ലാം ഒരേ ദിശയിലേക്ക് വളഞ്ഞ് വളരുന്നു! മരങ്ങളുടെ ഈ പ്രത്യേക ആകൃതികൊണ്ടാണ് ക്രൂക്ക് ഫോറസ്റ്റ് എന്ന് ഈ പ്രദേശം അറിയപ്പെടുന്നത്. എന്തുകൊണ്ടാണ് ഇങ്ങനെ വളരുന്നതെന്ന ചോദ്യത്തിന് ശരിയായ ഉത്തരമില്ല. പ്രാദേശിക ഗുരുത്വാകർഷണമാണ് ഇങ്ങനെ വളയുന്നതിന്റെ പിന്നിലെന്ന് ചിലർ പറയുന്നു.

ക്രിസ്റ്റെല്ല ഷേർലി റോഡ്രിഗ്സ്, ക്ലാസ് 4
എൽ.എഫ്.ജി.എച്ച്.എസ്.
മൂന്നാർ, ഇടുക്കി

കേരളം അറിയാൻ


# കുഴൽക്കിണറുകൾ എത്രയാവാം?



നമ്മുടെ സംസ്ഥാനത്ത് കുഴൽക്കിണറുകൾ കുഴിക്കുന്നതിന് യാതൊരുവിധ നിയന്ത്രണങ്ങളുമില്ല. ആർക്കും വളരെ വേഗത്തിൽ കുഴൽക്കിണറുകൾ കുഴിക്കാം. കുഴൽക്കിണറുകളുടെ എണ്ണം പെരുകുമ്പോൾ ഭൂഗർഭ ജലനിരപ്പ് താഴുകയും ദാഹജലംപോലും കിട്ടാത്ത അവസ്ഥ വരുകയും ചെയ്യുന്നു. സമീപപ്രദേശത്തുള്ള കുളങ്ങളിലും കിണറുകളിലും വെള്ളം വറ്റും. നദികളിൽ വെള്ളം കുറഞ്ഞ് അടിത്തട്ട് തെളിയുന്ന അവസ്ഥയും വർധിക്കും. യാതൊരു നിയന്ത്രണവുമില്ലാതെ കുഴൽക്കിണറുകൾ കുഴിക്കുന്നത് അപകടകരമാണ് എന്ന തിരിച്ചറിവ് ഉണ്ടാകേണ്ട സമയം അതിക്രമിച്ചുകഴിഞ്ഞു. ഇനിയെങ്കിലും നമ്മൾ അത് ഗൗരവമായി ചിന്തിക്കേണ്ടിയിരിക്കുന്നു.

ചിത്രലേഖ എസ്. നായർ, ക്ലാസ് 9
കേന്ദ്രീയ വിദ്യാലയ നമ്പർ-1
കോഴിക്കോട്





# പേഴാളൻ

## Tanaecia lepidea

**തേ**ൻ നുകരാൻ താത്പര്യമില്ലാത്ത ശലഭങ്ങളാണ് ഇവ. അഴുകിയ പഴവർഗങ്ങളിലെ സത്ത്, മരക്കറ, ജീവികളുടെ കാഷ്ഠത്തിലെ സത്ത് എന്നിവ നുകരുന്നു. വൃക്ഷങ്ങൾ ഇടതൂർന്ന് വളരുന്ന നാട്ടിൻപുറങ്ങളിലും ആർദ്ര ഇലപൊഴിയും വനങ്ങളിലും നിത്യഹരിത വനങ്ങളിലെ കാട്ടുപാതയോരങ്ങളിലും ഇവയെ കാണാം. നഗരങ്ങളിലും വിരളമല്ല. ശലഭപ്പുഴുവിന്റെ ആഹാരസസ്യം പേഴായതിനാൽ ഇവയെ പേഴാളൻ എന്നുവിളിക്കുന്നു. വെള്ളിച്ചിറകൻ എന്നും പേരുണ്ട്. പാടങ്ങളിലെ അതിരാണിയിലും ഇവയുടെ ലാർവകൾ വളരാറുണ്ട്. 1972-ലെ ഇന്ത്യൻ വന്യജീവിസംരക്ഷണനിയമത്തിന്റെ രണ്ടാംപട്ടികയിൽ ഉൾപ്പെടുത്തി സംരക്ഷിക്കുന്നു.

പ്രിയങ്ക പി.യു.
സീഡ് ടീച്ചർ കോ ഓർഡിനേറ്റർ
ഗവ.വി.എച്ച്.എസ്.എസ്. വീരണകാവ്
തിരുവനന്തപുരം

ഈ ഫോട്ടോ കാണാം

ലോകത്തെമ്പാടും ഏറ്റവും കൂടുതൽ തവണ ക്യാമറയിൽ പകർത്തിയ പ്രകൃതി ദൃശ്യം ഒരു പക്ഷേ സൂര്യാസ്തമയമായിരിക്കും. വല്ലപ്പോഴും അവിചാരിതമായി വീണുകിട്ടുന്ന ദൃശ്യം പോലെയാണ് പലപ്പോഴും ആളുകൾ ഇത് ആവേശത്തോടെ ക്യാമറയിൽ പകർത്തുന്നത്! വൈകുന്നേരങ്ങൾ ആഘോഷവേളകളായതുകൊണ്ടായിരിക്കാം ഇങ്ങനെ സംഭവിക്കുന്നത്.



Location: മടക്കര, പുലിമുട്ട്, ചെറുവത്തൂർ

ശ്രീനന്ദ രാജീവ്
സി.കെ.എൻ.എസ്.ജി.എച്ച്.എസ്.എസ്.,
പിലിക്കോട്, കാസർകോട്

കൃഷിക്കാര്യം

# കാളപൂട്ടും വരമ്പ് വയ്ക്കലും

പണ്ടൊക്കെ നെൽക്കൃഷിക്ക് നില മൊരുക്കാൻ കാളകളെക്കൊണ്ട് ഉഴു തുമറിക്കുമായിരുന്നു. നുകം (കലപ്പ) ഉപയോഗിച്ചായിരുന്നു കർഷകർ ഇത് ചെയ്തിരുന്നത്. ഇപ്പോൾ ഇതെല്ലാം യന്ത്ര മാണ് ചെയ്യുന്നത്. വരമ്പ് വയ്ക്കൽ എന്ന് പറഞ്ഞാൽ മൊത (നെല്ലിന്റെ അടിഭാഗം) വരമ്പിൻമേലെ വയ്ക്കുന്നതാണ്. കൃഷിയാ വശ്യത്തിനുള്ള വെള്ളം വയലിൽ കെട്ടിക്കി ടക്കാനും തൊട്ടടുത്തുള്ള വയലിൽനിന്ന് അതിര് തിരിക്കാനും ഇത് സഹായിക്കും.



സ്നേഹ ടി., ക്ലാസ് 7
ചെറുപുഴ ജെ.എം.യു.പി. സ്കൂൾ
കണ്ണൂർ

# ഞാനോ നീയോ പുൽച്ചാടി

"പച്ച പുൽച്ചാടി മഞ്ഞ പുൽച്ചാടി
ചോമല പുൽച്ചാടി പുള്ളി പുൽച്ചാടി
ചെല്ലം ചെല്ലം ചാടിനടക്കണ പുൽച്ചാടി
ഞാനും നിന്നെപ്പോലൊരു പുൽച്ചാടി
തുള്ളിത്തുള്ളിയലപ്പ് കൂട്ടില്ലാതെയിരിപ്പ്
നീയോ ഞാനോ ഞാനോ നീയോ പുൽച്ചാടി"



**കൈ**തപ്രം ദാമോദരൻ നമ്പൂതിരി എഴുതി ജോൺസൺമാഷ് ഈണം നൽകി 2006-ൽ പുറത്തിറങ്ങിയ ഫോട്ടോഗ്രാഫർ എന്ന സിനിമയിലെ ഒരു മനോഹര ഗാനമാണിത്. ഒറ്റയ്ക്കൊരു പുൽത്തണ്ടിൽ ഇരിക്കുകയും പെട്ടെന്ന് കുതിച്ചുചാടി നീങ്ങുകയും ചെയ്യുന്ന പുൽച്ചാടിയെയും മനുഷ്യരുടെ ചില മനോഭാവങ്ങളെയും കോർത്തിണക്കിക്കൊണ്ട് ലളിതമായി മുന്നോട്ടുപോകുന്ന ഒരു ഗാനമാണിത്. പുൽച്ചാടിയെപ്പോലെ ഓടിയും ചാടിയും ഒരു കുട്ടിയുടെ ലാളിത്യത്തോടെ ഈ ഗാനം ആസ്വാദകരിലേക്ക് എത്തുന്നു. കൂട്ടിനാരും ഇല്ലാതെ തനിച്ച് തുള്ളിയും ചാടിയും നടക്കുന്ന താനും പുൽച്ചാടിയെപ്പോലെയാണെന്ന് കുട്ടി പറയുന്നു. ഏത് അവസ്ഥയിലും ഈ ഭൂമിയിലെ ജീവിതം സന്തോഷകരമാക്കാം എന്നും ഈ പാട്ട് നമ്മെ ഓർമപ്പെടുത്തുന്നു.

ഫാത്തിമ ഹെന, ക്ലാസ് 6
പീസ് പബ്ലിക് സ്കൂൾ, പുത്തൂർ
കോട്ടക്കൽ, മലപ്പുറം



# തിമ്മക്ക അഥവാ നിരനിരയായി നിൽക്കുന്ന മരങ്ങൾ

മക്കളില്ലാത്തതിന്റെപേരിൽ നിരന്തരം പരിഹസിക്കപ്പെട്ട ഒരു സ്ത്രീയും ഭർത്താവും. അവിടെനിന്നാണ് സാലുമരാട തിമ്മക്ക എന്ന പ്രകൃതിസ്നേഹിയുടെ വിപ്ലവകഥ തുടങ്ങുന്നത്. നാലുകിലോമീറ്റർ വഴിയോരത്ത് മരങ്ങൾ നട്ടുസംരക്ഷിച്ചതാണ് തിമ്മക്കയെ ശ്രദ്ധേയയാക്കിയത്. സാലുമരാട' എന്നാൽ കന്നടഭാഷയിൽ 'നിരനിരയായി നിൽക്കുന്ന മരങ്ങൾ' എന്നാണ് അർഥം. മക്കളില്ലാതിരുന്നതിൽ ദുഃഖിതയായിരുന്നെങ്കിലും പിന്നീട് ഭർത്താവിനോടൊപ്പം ചേർന്ന് മരങ്ങൾ നട്ട് പരിപാലിക്കാൻതുടങ്ങി. പിറക്കാതെപോയ മക്കൾക്ക് പകരമായാണ് ആയിരക്കണക്കിന് വൃക്ഷത്തൈകൾ തിമ്മക്കയും ഭർത്താവും നട്ടത്. പ്രകൃതിയാണ് ഏറ്റവും വലിയ സമ്പത്ത് എന്ന് തിമ്മക്ക സമൂഹത്തെ പഠിപ്പിച്ചു. 1996-ൽ നാഷണൽ സിറ്റിസൺ അവാർഡ് ലഭിച്ചതോടെ തിമ്മക്കയുടെ പ്രവർത്തനങ്ങൾക്ക് പ്രചാരം ലഭിച്ചു. പിന്നീട് പരിസ്ഥിതിപ്രവർത്തനത്തിന് വിവിധ പുരസ്കാരങ്ങൾ തിമ്മക്കയെ തേടിയെത്തി. 2019-ൽ പത്മശ്രീ പുരസ്കാരം നൽകി രാഷ്ട്രം ആദരിച്ചു. തിമ്മക്ക ആദ്യം നട്ട തൈക്ക് 70 വയസ്സ് കഴിഞ്ഞു.



ഋഷിദേവ് ആർ. ഷെറിൻ, ക്ലാസ് 9
ജി.എച്ച്.എസ്.എസ്. മണിയൂർ
കോഴിക്കോട്

തെറ്റ് ശരി

# വെള്ളാരംകണ്ണുള്ള
# വെള്ളിമൂങ്ങ

**അങ്ങേകാട്ടില് മൂളല് കേട്ടേ**
**ഇങ്ങേകാട്ടില് മൂളല് കേട്ടേ**
**കാറ്റല്ല, വണ്ടല്ല, മൂളുന്നതിമ്പത്തിൽ**
**വെള്ളാരംകണ്ണുള്ള വെള്ളിമൂങ്ങ!''**

കുട്ടികൾക്കും മുതിർന്നവർക്കും ഒക്കെ പരിചിതമാണ് ആ പാട്ട്. പക്ഷേ, ഒന്ന് ആഴത്തിൽ പാടിനോക്കുമ്പോൾ വസ്തുതാപരമായി രണ്ട് ചെറിയ തെറ്റുകൾ അതിലുണ്ട്. ഒന്നാമതായി വെള്ളിമൂങ്ങ മൂളുകയോ കൂവുകയോ ഇല്ല. പ്രായമായ ഒരു ആസ്ത്മാരോഗി കഷ്ടപ്പെട്ട് ശ്വസിക്കുമ്പോൾ നെഞ്ചിൽനിന്നുയരുന്ന ശബ്ദമില്ലേ, അതിന്റെ ഉച്ചസ്ഥായിയിലുള്ള ഒരുതരം നീണ്ട ശ്രീ... ഈ.... ആണ് ഇവരുടെ ശബ്ദം. ചിലപ്പോഴൊക്കെ ആഴത്തിലുള്ള ഹി.. സ്സ്സ് എന്നൊരു ശബ്ദവും പുറപ്പെടുവിക്കാറുണ്ട്. രണ്ടാമതായി ഇവയുടെ കണ്ണുകൾ വെള്ളാരംകല്ലുപോലെ വെളുത്തിട്ടല്ല. കടുത്ത തവിട്ടുനിറത്തിലോ കറുത്തനിറത്തിലോ ആണ്. ഇനി ആ പാട്ട് കേൾക്കുമ്പോൾ ഇക്കാര്യങ്ങളുംകൂടി ഓർക്കണേ.



അഫല വി., ക്ലാസ് 7
ജി.എച്ച്.എസ്.എസ്. മേപ്പാടി
വയനാട്

# യുദ്ധം പരിസ്ഥിതിയോടും!




Tunnel of love -Ukraine

2022 ഫെബ്രുവരി 22, വീണ്ടും ഒരു യുദ്ധം! ആയിരക്കണക്കിന് ആളുകളുടെ ജീവനാശവും മറ്റ് പ്രതിസന്ധികളും ലോകം ആശങ്കയോടെ കാണുന്നു. ഇതിനുമപ്പുറമുള്ള ചില പേടികളെക്കുറിച്ച് നമുക്ക് ആലോചിക്കാൻ ഇടം കിട്ടുന്നുമില്ല. യുദ്ധം ഉണ്ടാക്കുന്ന പാരിസ്ഥിതികപ്രശ്നങ്ങളാണ് അതിൽ പ്രധാനം. വനപ്രദേശങ്ങൾകൊണ്ടും വെറ്റ്ലാൻഡുകൾകൊണ്ടും സമൃദ്ധമായൊഴുകുന്ന ശുദ്ധജല അരുവികൾകൊണ്ടും സമ്പന്നമാണ് യുക്രൈൻ. യുദ്ധംമൂലം ഈ വനസമ്പത്ത് നശിക്കുന്നതോടൊപ്പം ആയിരക്കണക്കിന് സസ്യ–ജന്തു സ്പീഷീസുകൾ അപകടഭീഷണി നേരിടുകയും ചെയ്യുന്നു. ഒപ്പം റേഡിയേഷൻമൂലമുണ്ടാകുന്ന മലിനീകരണവും. യുദ്ധം അവസാനിക്കുമ്പോൾ ഇതിലെത്ര നഷ്ടപ്പെടും എത്ര അവശേഷിക്കും എന്ന് ആർക്കാണ് പറയാനാവുക? ഈ അമൂല്യപ്രകൃതിസമ്പത്തിനുണ്ടാകുന്ന നാശത്തിനും വായു–ജല മലിനീകരണത്തിനും ആര് സമാധാനം പറയും?

കീർത്തി ബി., ക്ലാസ് 9
ഇൻഫന്റ് ജീസസ് എച്ച്.എസ്.
വടയാർ, കോട്ടയം

പൂവറിവ്



# കൃഷ്ണകിരീടം



കൃഷ്ണകിരീടം, ഹനുമാൻകിരീടം, കലശത്തട്ട്, പഗോഡ എന്നിങ്ങനെ പല പേരുകളിൽ അറിയപ്പെടുന്ന ഈ പൂവിന്റെ ശാസ്ത്രീയനാമം ക്ലീറോ ഡെൻഡ്രോം പാനിക്കുലേറ്റം എന്നാണ്. ലാമിയേസിയേ കുടുംബാംഗമാണ് ഈ സസ്യം. ചിങ്ങമാസത്തിലാണ് പൂവ് സമൃദ്ധമായി ഉണ്ടാവുക. ഗോപുരംപോലെയാണ് പൂവിന്റെ ആകൃതി. കൃഷ്ണനാട്ടത്തിലും കഥകളിയിലും ഒക്കെ കിരീടം ഉണ്ടാക്കിയിരുന്നത് ഈ പൂവിന്റെ ഭംഗി കണ്ടിട്ടാണെന്ന് പറയപ്പെടുന്നു. വടക്കേമലബാറിൽ ഈ പൂവിനെ കലശത്തട്ട് എന്ന് വിളിക്കുന്നു. തെയ്യത്തിന് കലശം നടത്തുമ്പോൾ ഈ പൂവ് ഉപയോഗിക്കാറുണ്ട്. കൂട്ടമായാണ് ഈ പൂവ് കാടുകളിൽ കാണാറുള്ളത്. ചുവന്ന നിറം ഈ പൂവിന് പ്രത്യേക മനോഹാരിത നൽകുന്നു.

നന്ദന കെ.ആർ.
ഇ.കെ.എം.യു.പി. സ്കൂൾ
വാണിയമ്പാറ, തൃശ്ശൂർ

# ഗുൽമോഹറിന്റെ കത്ത്

സുഹൃത്തേ...
അറിയുന്നുവോ നീയെൻ അവസ്ഥ!
ഡൽഹിയെന്ന ഈ മഹാനഗരത്തിൻ ഓരത്ത്
പൊടിപടലങ്ങളും മലിനവായുവുമേറ്റ്
ജീവവായുവിനായി കേഴുന്നു ഞാൻ.

ഭാഗ്യവതിയാണ് നീ...
ദൈവത്തിൻ സ്വന്തം നാട്ടിൽ
നിന്റെ ഈ തലമുറയെങ്കിലും
ശുദ്ധവായുവിൻ സുഖം അറിയുന്നുവല്ലോ.
ആകാതിരിക്കട്ടെ നിൻെറ നാടും
എൻെറ നാടുപോലെ.
ഇവിടെ പെയ്യുന്ന മഴപോലും
പൊള്ളിക്കുന്നു എന്നെ.
നമ്മെ അറിയുന്ന, സ്നേഹിക്കുന്ന,
സംരക്ഷിക്കുന്ന, ഒരു തലമുറയെ
ആഗ്രഹിക്കുന്നു ഞാൻ!

സന എസ്., ക്ലാസ് 6
ഗവ. മുഹമ്മദൻ എച്ച്.എസ്.
കൊല്ലകടവ്, ആലപ്പുഴ

വർണച്ചിറക്

കഥ

# കൂട്



രാവിലെ ഉണർന്നാൽ വെറുതേ പുറത്തേക്ക് നോക്കിയിരിക്കാൻ എന്ത് രസമാണ്. ഓരോ ദിവസവും ഓരോ കാഴ്ചയാണ്. ഇന്ന് കുരുവികൾ കൂടൊരുക്കുന്നത് കുറേനേരം നോക്കിയിരുന്നു. എത്ര ശ്രദ്ധയാണ് ആ കിളികൾക്ക്. എന്റെ വീടിനെക്കാൾ മനോഹരമാവും അതെന്ന് എനിക്ക് ഉറപ്പായിരുന്നു. കുറച്ചുദിവസങ്ങൾ കഴിഞ്ഞ്, അതിരാവിലെ കൂട്ടിൽനിന്ന് കലപിലശബ്ദം! ഏന്തിനോക്കിയപ്പോൾ മൂന്ന് കുഞ്ഞുങ്ങൾ.

ഞാൻ നോക്കുന്നത് കണ്ടിട്ടാവണം അമ്മക്കിളി ചിറകുകൾ വെച്ച് കുഞ്ഞുങ്ങളെ പൊതിഞ്ഞു. അച്ഛൻകിളി പറന്ന് പുറത്തേക്ക് പോകുന്നത് ഞാൻ കണ്ടു. കുഞ്ഞുങ്ങൾക്ക് തീറ്റയുമായി തിരിച്ചുവരുന്നതും കണ്ടു. എല്ലാവർക്കും തുല്യമായിട്ടായിരിക്കുമോ ഭക്ഷണം വീതിച്ചുകൊടുക്കുന്നത്?



കുറച്ചുദിവസം കഴിഞ്ഞപ്പോൾ കൂടൊഴിഞ്ഞുകിടക്കുന്നു. മരച്ചില്ലയുടെ അറ്റത്ത് ചാടിച്ചാടി അവർ പറക്കാൻ പഠിക്കുകയാണ്. ഇനി അവർക്ക് സ്വതന്ത്രരായി പറക്കാം. അവർ അവരുടെ ലോകത്തേക്ക് പറക്കും. ചിലപ്പോൾ മൂന്നുപേരും മൂന്ന്ദിക്കിലേക്ക്! നിശ്ശബ്ദമായ കൂട് കണ്ടപ്പോൾ എനിക്ക് സങ്കടമായി. സാരമില്ല, നാളെ പുതിയ പ്രഭാതം വരുമല്ലോ.

അനുപമ മേരി ബിജു, ക്ലാസ് 5
ഭവൻസ് വരുണ വിദ്യാലയ
എറണാകുളം

Mathrubhumi Seed
Student Empowerment for Environmental Development

IN PARTNERSHIP WITH FEDERAL BANK

# മാതൃഭൂമി ആകാശപ്പച്ച

പുറത്തുപെയ്യുന്ന മഴ
അകത്തെത്തണം!

ആകാശപ്പച്ചയിലേക്കുള്ള
രചനകളും നിർദേശങ്ങളും
akashapacha@mpp.co.in
എന്ന വിലാസത്തിലേക്ക്
അയക്കാം. വിശദവിവരങ്ങൾക്ക്
സീഡ് ജില്ലാ കോ-
ഓഡിനേറ്റർമാരോട് സംസാരിക്കാം.

Published by Mathrubhumi Seed